# മലയാളം

# എന്റെ നോട്ട് ബുക്ക്

## ഓമനയുടെ ഓണം

GLPS OLASSA
CLASS
4





## ഓണപ്പാട്ടുകൾ

LISTEN NOW

LISTEN NOW

LISTEN NOW

LISTEN NOW

LISTEN NOW

LISTEN NOW

മാവേലി നാടു വാണീടുംകാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കുംകാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും.
ആധികൾ വ്യാധികളൊന്നുമില്ല,
ബാലമരണങ്ങൾ കേൾപ്പാനില്ല,
കള്ളവുമില്ല ചതിയുമില്ല-
എള്ളോളമില്ല പൊളിവചനം!
വെള്ളിക്കോലാദികൾ നാഴികളും
എല്ലാം കണക്കിന്നു തുല്യമായി
കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല
മാവേലി നാടുവാണീടുംകാലം
മാനുഷരെല്ലാരുമൊന്നുപോലെ.



# അർഥം

| | | |
|---|---|---|
| മുകിൽ | - | മേഘം |
| കരിമുകിൽ | - | കറുത്തമേഘം |
| വിണ്ണ് | - | ആകാശം |
| വിരുത്തി | - | വിടർത്തി |
| വെടിപ്പാക്കുക | - | വൃത്തിയാക്കുക |
| അഴക് | - | ഭംഗി |
| ഗമ | - | ഗർവ്വ് (വലിയഭാവം) |



# സമാന പദങ്ങൾ

| | | | | |
|---|---|---|---|---|
| മുകിൽ | - | മേഘം | , അഭ്രം | , നീരദം |
| ഭംഗി | - | ശോഭ | , ചന്തം | , സൗന്ദര്യം |
| അച്ഛൻ | - | താതൻ | , ജനകൻ | , പിതാവ് |
| മുറ്റം | - | അങ്കണം | , അജിരം | , ചത്വരം |
| വിണ്ണ് | - | ആകാശം | , വാനം | , ഗഗനം |
| മാമൻ | - | അമ്മാവൻ | , മാതുലൻ | , മാതൃകൻ |



# പിരിച്ചെഴുതുക

- മടിയിലിരുത്തി = മടിയിൽ + ഇരുത്തി
- ഓണസ്സദ്യ = ഓണ + സദ്യ
- ഭരണിയിലാക്കി = ഭരണിയിൽ + ആക്കി
- പാട്ടുകളെല്ലാം = പാട്ടുകൾ + എല്ലാം
- മുത്തശ്ശിക്കഥ = മുത്തശ്ശി + കഥ
- പച്ചിലമെത്ത = പച്ചില + മെത്ത



# വരികൾ പിരിച്ചെഴുതാം



- പൊന്നാണെന്നാലും = പൊന്നാണ് + എന്നാലും
- തുള്ളിയണഞ്ഞല്ലോ = തുള്ളി + അണഞ്ഞല്ലോ
- പൂക്കളമെഴുതേണം = പൂക്കളം + എഴുതേണം
- മെഴുകിയിരുത്തേണം = മെഴുകി + ഇരുത്തേണം
- ചാർത്തിടുമോണക്കോടി = ചാർത്തിടും + ഓണക്കോടി
- ഓണസദ്യയതോർക്കുന്നേരം = ഓണസദ്യ + അത് + ഓർക്കുന്നേരം
- പാട്ടുകളെല്ലാമപ്പോൾ = പാട്ടുകൾ + എല്ലാം + അപ്പോൾ
- മഞ്ഞപ്പുടവയുടുക്കുമ്പോഴെൻ = മഞ്ഞപ്പുടവ + ഉടുക്കുമ്പോൾ + എൻ
- തുമ്പിക്കിത്രയുമഴകില്ല = തുമ്പിക്ക് + ഇത്രയും + അഴകില്ല
- കുഞ്ഞിക്കൈകളിലുരുള = കുഞ്ഞിക്കൈകളിൽ + ഉരുള
- മഞ്ഞക്കോടിയുമായെന്നച്ഛൻ = മഞ്ഞക്കോടിയുമായ് + എൻ + അച്ഛൻ
- ഉരുളയുരുട്ടിത്തരുമച്ഛൻ = ഉരുള + ഉരുട്ടി + തരും + അച്ഛൻ
- ചോട്ടിലൊരോമൽപ്പച്ചിലമെത്ത = ചോട്ടിൽ + ഒരു + ഓമൽ + പച്ചിലമെത്ത

# ചേർത്തെഴുതുക

| | | | | |
|---|---|---|---|---|
| പൊന്ന് | + | ഓണം | = | പൊന്നോണം |
| തങ്ക | + | ചിറക് | = | തങ്കച്ചിറക് |
| മഞ്ഞ | + | പുടവ | = | മഞ്ഞപ്പുടവ |
| ഉരുള | + | ഉരുട്ടി | = | ഉരുളയുരുട്ടി |
| മഞ്ഞ | + | കോടി | = | മഞ്ഞക്കോടി |
| തൊട്ടാവാടി | + | തൊടി | = | തൊട്ടാവാടിത്തൊടി |
| തുള്ളി | + | അണഞ്ഞല്ലോ | = | തുള്ളിയണഞ്ഞല്ലോ |
| കുഞ്ഞി | + | കൈകളിൽ | = | കുഞ്ഞിക്കൈകളിൽ |

## ഒറ്റപ്പദം എഴുതുക

- ചെറിയ തുമ്പി = ചെറുതുമ്പി
- മുത്തശ്ശി പറയുന്ന കഥ = മുത്തശ്ശിക്കഥ
- മഞ്ഞ നിറത്തിലുള്ള പൂടവ = മഞ്ഞപ്പൂടവ
- തങ്കനിറത്തിലുള്ള ചിറക് = തങ്കച്ചിറക്
- കറുത്തനിറമുള്ള മുകിൽ = കരിമുകിൽ
- പച്ചിലകൊണ്ടുള്ള മെത്ത = പച്ചിലമെത്ത



# ശബ്ദ ഭംഗി കണ്ടെത്താം

(ഒരേ ശബ്ദത്തിൽ ആരംഭിക്കുന്നതോ അവസാനിക്കുന്നതോ ആയ വാക്കുകൾ )

തീരില്ല - അഴകില്ലാ

വെടിപ്പാക്കേണം - എഴുതേണം

ഗമയില്ലാ - പറ്റില്ലാ

വരുമല്ലോ - അണഞ്ഞല്ലോ

ഓണം - ചാണം

മെത്തയിലങ്ങനെ - മുത്തശ്ശിക്കഥ

വെക്കേണം - തകർക്കേണം

വിരിക്കേണം - കേൾക്കേണം

# ഓണസദ്യയിൽ എന്തെല്ലാം ?



# താഴെക്കൊടുത്ത ആശയങ്ങൾ വരുന്ന വരികൾ കണ്ടെത്താം

ഓണം വരുമ്പോൾ അച്ഛൻ ഓണക്കോടിയുമായി വരും

മഞ്ഞക്കോടിയുമായെന്നച്ഛൻ
പൊന്നോണത്തിനു വരുമല്ലോ !

അച്ഛൻ ഓമനയെ മടിയിലിരുത്തി ചോറുരുള നൽകുന്നു.

മടിയിലിരുത്തി കുഞ്ഞി കൈക്കളി -
ലുരുളയുരുട്ടിത്തരുമച്ഛൻ

കാർമേഘങ്ങൾ മൂടിയ ആകാശത്തെ വെളിച്ചം കാവടി തുള്ളുന്നു.

കരിമുകിൽ മൂടിയ വിണ്ണിൽ വെളിച്ചം
കാവടി തുള്ളിയണഞ്ഞല്ലോ

പച്ചില മെത്തയിൽ കിടന്ന് മുത്തശ്ശി പറയുന്ന കഥ കേട്ട് ആസ്വദിക്കണം.

മെത്തയിലങ്ങനെ ചാഞ്ഞു കിടന്നൊരു
മുത്തശ്ശിക്കഥ കേൾക്കേണം

മുത്തശ്ശി കായവറുത്തത് ഭരണിയിലാക്കി കലവറയിൽ വെച്ചു.

കായ വറുത്തതു ഭരണിയിലാക്കി -
കലവറയിൽ വച്ചമ്മൂമ്മ

പൊന്നിൻ നിറമുള്ള മുത്തുക്കുടയേന്തിനിൽക്കുന്ന മുക്കുറ്റിയും കോളാമ്പി പൂവും ചാർത്തിയ ഓണക്കോടി

മുത്തുക്കുട പൊന്നാണെന്നാലും
മുക്കുറ്റിക്കീ ഗമയില്ലാ
കോളാമ്പിപ്പൂ ചാർത്തിടുമോണ-
ക്കോടിയുമിതിനൊടു പറ്റില്ലാ

# ഓണം ചേർത്തുള്ള വാക്കുകൾ എഴുതാം

- ഓണക്കോടി
- ഓണസദ്യ
- ഓണപ്പാട്ട്
- ഓണക്കളികൾ
- ഓണക്കാലം
- ഓണനിലാവ്
- ഓണത്തുമ്പി
- ഓണത്തല്ല്
- ഓണപ്പൂവ്
- ഓണപ്പൂക്കളം

- ഓണപ്പുലരി
- ഓണച്ചന്ത
- ഓണത്തപ്പൻ
- ഓണത്തല്ല്
- ഓണത്താറ്
- ഓണച്ചൊല്ല്
- ഓണശ്ശീലുകൾ
- ഓണവില്ല്
- ഓണപ്പുടവ
- ഓണക്കവിത

- ഓണച്ചന്ത
- ഓണാഘോഷം
- ഓണക്കഥ
- ഓണത്തപ്പൻ
- ഓണസമ്മാനം
- ഓണപ്പുലരി
- ഓണക്കോടി
- ഓണപ്പാട്ട്
- ഓണക്കാലം
- ഓണക്കളികൾ

# ഓണച്ചൊല്ലുകൾ കണ്ടെത്തി ശേഖരണ പുസ്തകത്തിൽ എഴുതുക

- കാണം വിറ്റും ഓണം ഉണ്ണണം
- ഉള്ളതുകൊണ്ട് ഓണം പോലെ
- ഓണത്തിനിടയ്ക്ക് പൂട്ട് കച്ചവടം
- ഓണത്തിന് ഉറുമ്പും കരുതും
- അത്തം കറുത്താൽ ഓണം വെളുക്കും
- അത്തം പത്തിന് പൊന്നോണം
- ഓണം വരാനൊരു മൂലം വേണം
- ഓണം പാലെയാണോ തിരുവാതിര
- അവിട്ടക്കട്ട ചവിട്ടി പൊട്ടിക്കണം
- തിരുവോണം തിരുതകൃതി
- ഓണം മുഴക്കോലുപോലെ

- ഓണത്തേക്കാൾ വലിയ വാവില്ല
- ഉണ്ടെങ്കിൽ ഓണം ഇല്ലെങ്കിൽ പട്ടിണി
- ഓണമുണ്ടവയറേ ചൂളം പാടിക്കിട
- ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടപ്പുര
- ഓണാട്ടൻ വിതച്ചാൽ ഓണത്തിന് പുത്തരി
- ഉത്രാടം ഉച്ചകഴിഞ്ഞാൽ  
  അച്ചിമാർക്ക് വെപ്രാളം
- ഓണം വന്നാലും ഉണ്ണി പിറന്നാലും  
  കോരന് കുമ്പിളിൽ തന്നെ കഞ്ഞി
- ചിങ്ങമാസത്തിൽ തിരുവോണത്തിന്  
  പൂച്ചക്ക് വയറു വേദന

# നാടൻ കളികൾ എഴുതാം


- കിളിത്തട്ട്
- കുട്ടിയും കോലും
- ഇട്ടൂലി
- കക്ക് കളി
- വട്ടുകളി
- സാറ്റ് കളി
- നാടൻ പന്തുകളി
- തലപ്പന്ത് കളി
- പമ്പരം കൊത്ത്
- ഒളിച്ചുകളി

- ഈർക്കിൽ കളി
- അമ്മാനക്കളി
- കൊത്തംകല്ല്
- ഏറുപന്ത്
- കണ്ണുകെട്ടിക്കളി
- പല്ലാങ്കുഴി
- പാമ്പും കോണിയും
- കുഴിപ്പന്തുകളി
- കള്ളനും പോലീസും
- പശുവും പുലിയും കളി

- കബഡികളി
- പകിടകളി
- ഗോലികളി
- പകിടകളി
- ഓണത്തല്ല്
- ചെമ്പഴുക്കാകളി
- കുളം കര
- പല്ലി കളി
- എട്ട് കളി
- പൂത്താം കീരി

# കിളിത്തട്ട് കളി

കേരളത്തിലെ ഒരു പഴയകാല കായിക വിനോദമാണ് കിളിത്തട്ടുകളി. നിരന്ന സ്ഥലത്ത് തയാറാക്കിയ ഒരു കളിസ്ഥലത്താണ് കളി നടക്കുന്നത്. ഈ കളിസ്ഥലത്ത അഞ്ച് തുല്യഭാഗങ്ങളായി തിരിക്കുന്നു. ഓരോ ഭാഗത്തെയും തട്ട് എന്നാണ് പറയുക. രണ്ടു ടീമുകളാണ് കളിയിൽ പങ്കെടുക്കുന്നത്. ഓരോ ടീമിലും അഞ്ചോ ആറോ പേർ വീതമുണ്ടാകും. ടീമംഗങ്ങളിൽ ഒരാൾ കിളിയാണ്.ഒരു ടീമിലെ അംഗങ്ങൾ കോർട്ടിന്റെ ഒരറ്റത്തു നിന്നും തട്ടുകൾ കടന്ന് മറുവശത്തെത്തുവാൻ ശ്രമിക്കുന്നു . അവരെ എതിർടീമംഗങ്ങൾ ഓരോ തട്ടിലും ചെറുക്കുന്നു അവരുടെ കൂട്ടത്തിലെ കിളിയാകട്ടെ എല്ലാ തട്ടിലും ഓടി നടന്ന് എതിർകളിക്കാരെ തടഞ്ഞുകൊണ്ടിരിക്കും ഈ തടസങ്ങളെ അതിജീവിച്ച് മറുവശത്തെത്താൻ ശ്രമിക്കുന്ന കളിക്കാരനെ ചപ്പ എന്നും, കിളിയെയും എതിർ ടീമിനെയും കബളിപ്പിച്ച് തട്ടുകൾ കടന്ന് മറുഭാഗത്തെത്തുന്ന കളിക്കാരനെ ഉപ്പ് എന്നുമാണ് വിളിക്കുന്നത്. ഒരു നിശ്ചിത സമയത്തിനുള്ളിൽ കൂടുതൽ ഉപ്പ ലഭിക്കുന്ന ടീം വിജയിക്കുന്നു . ഒരു കാലത്ത് മുതിർന്നവരുടെയും കുട്ടികളുടെയും ഒരു പ്രധാന കളിയായിരുന്നു കിളിത്തട്ടുകളി. പക്ഷേ ക്രിക്കറ്റിന്റെയും ഫുട്ബാളിന്റെയും മറ്റു വിദേശകളികളുടെയും വരവോടെ കിളിത്തട്ടുകളിയും ഇപ്പോൾ ആരും കളിക്കാതായിരിക്കുന്നു .



# ചില നാടൻ കലകൾ

- തെയ്യം
- തിറ
- കണ്യാർ കളി
- അറബനമുട്ട്
- ഗദ്ദിക
- പൂരക്കളി
- തിടമ്പു നൃത്തം
- പൊറാട്ടു നാടകം
- കളമെഴുത്ത്
- അയ്യപ്പൻ തീയാട്ട്
- മുടിയേറ്റ്




- ചവിട്ടുനാടകം
- പടയണി
- ഉടുക്ക്പാട്ട്
- തുമ്പി തുള്ളൽ
- കുതിരവേല
- പുലികളി
- വില്ലടിച്ചാംപാട്ട്
- ഓണത്താറ്
- ഓണപ്പൊട്ടൻ
- തോൽപ്പാവക്കൂത്ത്
- കുമ്മാട്ടി

# ആസ്വാദനക്കുറിപ്പ്

പ്രശസ്ത കവിയും ഗാനരചയിതാവും നോവലിസ്റ്റുമായ ശ്രീ ഏറ്റുമാനൂർ സോമദാസന്റെ ഓമനയുടെ ഓണം എന്ന കവിതയാണ് ഞാൻ വായിച്ചാസ്വദിച്ചത്. ഓമന എന്ന പെൺകുട്ടി തന്റെ ഓണത്തെക്കുറിച്ചുള്ള പ്രതീക്ഷകളും സ്വപ്നങ്ങളും പങ്കുവയ്ക്കുന്നതാണ് ഈ കവിതയിലെ ആശയം. ഓണക്കോടി, ഓണസദ്യ ,ഓണക്കളികൾ തുടങ്ങി ഓണവുമായി ബന്ധപ്പെട്ട ഒരുപാട് സ്വപ്നങ്ങൾ ഓമന പങ്കുവെക്കുന്നുണ്ട്. ഓണം വരുന്നതിനു മുൻപ് നടത്തുന്ന മുന്നൊരുക്കങ്ങളെ കുറിച്ചും, ഓണനാളുകളിലെ ആഘോഷങ്ങളെക്കുറിച്ചുമെല്ലാം കവിതയിൽ പറയുന്നുണ്ട്. "മെത്തയിലങ്ങനെ ചാഞ്ഞു കിടന്നൊരു മുത്തശ്ശിക്കഥ കേൾക്കേണം " എന്ന വരികളാണ് ഈ കവിതയിൽ എനിക്കേറ്റവും ഇഷ്ടമായത്. കാരണം എനിക്കും കഥകൾ പറഞ്ഞുതരുന്ന ഒരു മുത്തശ്ശിയുണ്ട്. കഥകൾ കേൾക്കാൻ എനിക്ക് ഒരുപാടിഷ്ടമാണ് . വ്യത്യസ്ത ഈണങ്ങളിൽ ഈ കവിത ചൊല്ലി നോക്കി. കവിതയിലെ ശബ്ദഭംഗി ആകർഷകമാണ്. ഈ കവിതയിലെ പ്രയോഗഭംഗി കവിതയെ കൂടുതൽ മനോഹരമാക്കുന്നു. "കരിമുകിൽ മൂടിയ വിണ്ണിൽ വെളിച്ചം കാവടി തുള്ളി അണഞ്ഞല്ലോ" എന്ന പ്രയോഗമാണ് എനിക്കിഷ്ടമായത് ചിങ്ങമാസത്തിലെ പ്രകൃതിയുടെ സൗന്ദര്യം ആ വരികൾ വായിച്ചപ്പോൾ മനസ്സിലേക്കോടിയെത്തി. ഈ കവിത ഓണക്കാലത്തെക്കുറിച്ച് ഒരുപാട് സന്തോഷം നിറഞ്ഞ ഓർമ്മകൾ മനസ്സിലേക്ക് കൊണ്ടുവരുന്നുണ്ട്. ഓണത്തെക്കുറിച്ച് ഓമനയ്ക്കുള്ള അതേപ്രതീക്ഷകൾ തന്നെയാണ് എനിക്കും ഉള്ളത് .അതുകൊണ്ട് തന്നെ ഈ കവിത എനിക്ക് വളരെയധികം ഇഷ്ടമായി

# ഉത്തരമെഴുതുക

**1.** ഓമനയെ സംബന്ധിച്ച് ഏറ്റവും വലിയ സന്തോഷം എന്താണ് **?**

ഓണക്കോടിയുമായി അച്ഛൻ വീട്ടിലേക്ക് വരുന്നത് .

**2.** ഓമനയുടെ മനസ്സ് എന്തുപോലെയാണെന്നാണ് കവി പറയുന്നത് **?**

കർക്കിടകത്തിലെ കാർമേഘങ്ങൾ മൂടിയ ആകാശത്ത് വെളിച്ചം കാവടിയേന്തി എത്തുന്നതു പോലെയാണ് ഓമനയുടെ മനസ്സ് എന്നാണ് കവി പറയുന്നത് .

**3.** ഓമന ആഹ്ലാദത്തോടെ തയാറെടുക്കുന്നത് എന്തിനാണ് **?**

മുറ്റം ചെത്തിയൊരുക്കി പൂക്കളമിട്ട് ചാണകം മെഴുകി ഓണത്തപ്പനെ പ്രതിഷ്ഠിക്കുന്നതിന് ഓമന ആഹ്ലാദത്തോടെ തയാറെടുക്കുന്നു .

**4.** തന്റെ സൗന്ദര്യം വർണനാതീതമാകുന്നത് എപ്പോഴാണെന്നാണ് ഓമന ഓർക്കുന്നത് **?**

മഞ്ഞ നിറത്തിലുള്ള ഓണക്കോടിയുടുക്കമ്പോൾ .

**5.** എന്തോർത്താണ് ഓമന അഭിമാനം കൊള്ളുന്നത് **?**

മഞ്ഞ നിറമുള്ള ഓണക്കോടിയുടുക്കുമ്പോൾ തങ്കച്ചിറകുള്ള തുമ്പികൾക്കുപോലും തന്റെ അത്രയും അഴകുണ്ടാവില്ല എന്നാണ് ഓമന അഭിമാനം കൊള്ളുന്നത് .

**6.** തന്റെ അഴകിനൊപ്പം എത്തുകയില്ല എന്ന് ഓമനഓർക്കുന്നത് എന്തൊക്കെയാണ് **?**

പൊൻനിറമുള്ള മുത്തുക്കുടയേന്തി നിൽക്കുന്ന് മുക്കുറ്റിയും കോളാമ്പിപ്പൂവാകുന്ന പുടവ ചാർത്തിയ പ്രകൃതിയും തന്റെ അഴകിനൊപ്പമെത്തില്ല എന്നാണ് ഓമന ഓർക്കുന്നത് .

**7.** ഓമനയെ കൊതിപ്പിക്കുന്നത് എന്തൊക്കെയാണ് **?**

അച്ഛൻ മടിയിലിരുത്തി ഊട്ടുന്നതും അമ്മൂമ്മ കലവറയിൽ കായവറുത്തതു കരുതി വയ്ക്കുന്നതുമാണ് ഓമനയെ കൊതിപ്പിക്കുന്നത് .

**8.** നാവിൽ കൊതിയുടെ പെരുവെള്ളം വരുന്നത് എപ്പോഴാണ് **?**

വിഭവസമൃദ്ധമായ ഓണസദ്യയെക്കുറിച്ച് ഓർക്കുമ്പോഴാണ് ഓമനയുടെ നാവിൽ കൊതിയുടെ പെരുവെള്ളം വരുന്നത് .

**9.** മുൻപ് പഠിച്ച പാട്ടുകൾ ഓമന ഓർത്തെടുക്കുന്നത് എന്തിനാണ് **?**

മാവിൻചില്ലയിൽ മാമൻ കെട്ടിക്കൊടുത്ത ഊഞ്ഞാലാടുമ്പോൾ പാടുന്നതിനാണ് ഓമന പാട്ടുകൾ ഓർത്തെടുക്കുന്നത്.

**10.** ഓമന സ്വപ്നം കാണുന്നത് എന്തിനെക്കുറിച്ചാണ് **?**

തൊടിയിൽ കിളിത്തട്ട് കളിക്കുന്നതും മാവിൻചുവട്ടിലൊരുക്കുന്ന പച്ചിലമെത്തയിൽ കിടന്ന് മുത്തശ്ശിക്കഥ കേൾക്കുന്നതുമാണ് ഓമന സ്വപ്നം കാണുന്നത് .

**11.**ഓണം വന്നാൽ എന്തൊക്കെ ചെയ്യുവാനാണ് ഓമന ഉദ്ദേശിക്കുന്നത് **?**

മുറ്റം ചെത്തി വൃത്തിയാക്കണം . മുറ്റത്ത് ചാണകം മെഴുകി പൂക്കളമൊരുക്കണം. പൂക്കളത്തിന് നടുവിലായി ഓണത്തപ്പനെ ഇരുത്തണം . ഇതൊക്കെയാണ് ഓമന ചെയ്യാൻ ഉദ്ദേശിക്കുന്നത്.

**12.**ഓണക്കോടിയുടുത്താൽ താൻ എത്രത്തോളം ഭംഗിയുള്ളവളാകുമെന്നാണ് ഓമന കരുതുന്നത് **?**

മഞ്ഞനിറത്തിലുള്ള ഓണക്കോടിയുടുത്താൽ തനിക്ക് തങ്കച്ചിറകു വിരുത്തിവരുന്ന ചെറുതുമ്പിയെക്കാളും ഭംഗിയുണ്ടാകുമെന്നാണ് ഓമന കരുതുന്നത് .

**13.**അച്ഛനും മാമനും ഓമനയോടുള്ള സ്നേഹം എങ്ങനെയെല്ലാമാണ് പ്രകടിപ്പിക്കുന്നത് **?**

ഓമനയെ മടിയിലിരുത്തി അവളുടെ കുഞ്ഞിക്കൈകളിൽ അച്ഛൻ ചോറുരുള വച്ചുകൊടുത്തും, മുറ്റത്തെ കിളിമാവിൻകൊമ്പിൽ മാമൻ ഓമനയ്ക്കായി ഊഞ്ഞാൽ കെട്ടിക്കൊടുത്തുമാണ് സ്നേഹം പ്രകടിപ്പിക്കുന്നത്.

14.**"ഓണസ്സദ്യയതോർക്കുന്നേരം നാവിൽ കൊതിയുടെ പെരുവെള്ളം"**

നാവിൽ കൊതിയുടെ പെരുവെള്ളമുണ്ടാക്കുന്ന ഓണ വിഭവങ്ങൾ എന്തൊക്കെയാവാം **?**

പപ്പടം , പഴം , പായസം , ചോറ് , സാമ്പാർ , അവിയൽ , ഓലൻ , കാളൻ , കൂട്ടുകറി , പച്ചടി , ഇഞ്ചിക്കറി ,തോരൻ , മോര് , ശർക്കരവരട്ടി, കായവറുത്തത് എന്നിവയാണ് നാവിൽ കൊതിയുടെ പെരുവെള്ളമുണ്ടാക്കുന്ന ഓണവിഭവങ്ങൾ

# ഓണക്കവിതകൾ

മാനിച്ചോരോ മലരുകൾ ചെന്നു
മാബലിദേവനെയെതിരേൽക്കാൻ
തങ്കച്ചാറിൽ തന്മമിന്നും പടി
മുങ്ങിച്ചെന്നു മുക്കുറ്റി
പാടലമാം പട്ടാടയൊടെത്തി
പാടത്തുള്ളൊരു ചിറ്റാട
ആമ്പലിനുണ്ടു കിരീടം , നെല്ലി-
ക്കഴകില്ലുമുണ്ടൊരു സൗരഭ്യം !
കരൾ കവരുന്നൊരു നിറമോ മണമോ
കണികാണാത്തൊരു തുമ്പപ്പൂ
വ്രീളയൊതുക്കിയണഞ്ഞു , കാലടി
പോലെയിരിക്കും തുമ്പപ്പൂ
ദേവൻ കനിവൊടു നറുമുക്കുറ്റി-
പ്പൂവിനെയൊന്നു കടാക്ഷിച്ചു
കുരുകാൽത്തടവി ചിറ്റാടപ്പൂ
ളുടുതലൊന്നു തുടപ്പിച്ചു .
ആമ്പലിനേകീ പുഞ്ചിരി നെല്ലി-
പ്പൂൺപിനെയമ്പൊടു ചുംബിച്ചു
പാവം തുമ്പയെവാരിയെടുത്തഥ
ദേവൻ വച്ചു മൂർധാവിൽ !
പുളകം കൊള്ളുക തുമ്പപ്പൂവേ
പൂക്കളിൽ നീയേ ഭാഗ്യവതി !

(വൈലോപ്പിള്ളി )

ഓണപ്പൂക്കൾ പറിച്ചില്ലേ , നീ
ഓണക്കോടിയുടുത്തില്ലേ ?
പൊന്നും ചിങ്ങം വന്നിട്ടും നീ .
മിന്നും മാലേം കെട്ടീലേ ?
മണി മിറ്റത്താ മാവേലിക്കൊരു
മരതകപീഠം വെച്ചില്ലേ ?
കാലം മുഴുവൻ പോയല്ലോ !
കാണാൻ കിട്ടാതായല്ലോ !
നാമല്ലാതിവിടില്ലല്ലോ
നാണിച്ചിങ്ങനെ നിന്നാലാ

(ചങ്ങമ്പുഴ)

ഓണവില്ലുകൊട്ടി നമ്മളെത്രവട്ടം പാടീ
ഓർമകളിൽ വാഴുമൊരു മന്നവനെപ്പറ്റി !
അസുരനെന്ന പേരുചൊല്ലിയാരു വിളിച്ചാലും
വസുധയുടെ മക്കളെയാ നൃപനൊരുപോൽ കണ്ടു
ദേവകൾ തന്നല്പതയോ വാമനത്വമാർന്നു
ഭൂവിൽവന്നാ മാനവനെ വൻചതിയിൽ വെന്നു .

(ഒ എൻ വി )

കുട്ടികളെത്തി കുറ്റിക്കാട്ടിൽ-
പ്പൊട്ടിവിടർന്നു പൊന്നോണം
നടുമുറ്റത്തുളളാണത്തപ്പ -
നടനേദിച്ചു മുത്തശ്ശി
മിഴിയിണ മാതാവേകിയ മഷികൊ-
ണ്ടെഴുതി,ക്കറുകപ്പുച്ചുടി
കാമിനിപെട്ടിതുറന്നിട്ടേകിയ
കോടിയലക്കിയമുണ്ടോടെ ,
വെളിയിലിറങ്ങി
നടന്നേൻ ,പൊന്നിള വെയിലിൽ
പൂക്കും മനമോടെ
ആനന്ദിക്കുകയില്ലയിപ്പൊ-
ന്നോണക്കാലത്തെല്ലാരും ?
ഇന്നാണല്ലോ പാതാളം വി-
ട്ടിങ്ങോട്ടെത്തുക മാവേലി.

(ഒളപ്പമണ്ണ )

ഓണപ്പൂക്കുട ചൂടിക്കൊണ്ടെ-
ന്നോണത്തപ്പനെഴുന്നള്ളുമ്പോൾ
പൂവേപൊലി പൂവേപൊലി
പൂവേപൊലിപ്പൂവേ .
പൊൻവെയിലും പൂനിലാവും
പൊന്നോണപ്പൂകലൊളിരാവൊളി
പൂവേപൊലി പൂവേപൊലി പൂവേ
പൊലി പൂവേ

( കുഞ്ഞുണ്ണി )

അരിമയിലോണപ്പാട്ടുകൾ പാടി
പ്പെരുവഴിതാണ്ടും കേവല , രെപ്പൊഴു
മരവയർ പട്ടിണിപെട്ടവർ , കീറി-
പ്പഴകിയ കൂറ പുതച്ചവർ ഞങ്ങൾ ;
നരയുടെ മഞ്ഞുകൾ ചിന്നിയ ഞങ്ങടെ
തലകളിൽ മങ്ങിയൊതുങ്ങിയിരിപ്പൂ
നിരവധി പുരുഷായുസ്സിന്നപ്പുറ-
മാളിയൊരോണപ്പൊൻകിരണങ്ങൾ .

( വൈലോപ്പിള്ളി )

# എന്റെ ഓണക്കാലം

ഓണപ്പരീക്ഷയുടെ അവസാന ദിവസം എന്തെന്നില്ലാത്ത ആഹ്ളാദമാണ് മനസ്സിൽ.പരീക്ഷകഴിഞ്ഞ് എത്രയും പെട്ടെന്ന് വീട്ടിലെത്തണം ആ നിമിഷം മുതൽ ഓണാവധി തുടങ്ങുകയല്ലേ. അത്തം മുതൽ വീട്ടുമുറ്റത്ത് പൂക്കളം ഇടാൻ തുടങ്ങും ചേച്ചിയുടെ നേതൃത്വത്തിലാണ് പൂക്കളമൊരുക്കൽ, കൂട്ടുകാരോടൊത്താണ് പൂപറിക്കാൻ പോകുന്നത്. പൂക്കളമൊരുക്കികഴിഞ്ഞാൽ ഒറ്റയോട്ടമാണ് അടുത്ത തെങ്ങിൻ തോപ്പിലേക്ക് അവിടെ കൂട്ടുകാർ കളിക്കാനായി കാത്തിരിപ്പുണ്ടാവും.കളികഴിഞ്ഞ് നേരം വൈകി വീട്ടിലെത്തുമ്പോൾ അമ്മയുടെ വക ചൂരൽ കഷായം ഉറപ്പാണ്. അച്ഛൻ ജോലികഴിഞ്ഞ് വീട്ടിലെത്തുമ്പോൾ കയ്യിൽ ഊഞ്ഞാൽ കെട്ടാനുള്ള കയറുമുണ്ടാവും. പിറ്റേന്ന് മുതൽ ഞാനും കൂട്ടുകാരും ആ ഊഞ്ഞാലിലായിരിക്കും അഭ്യാസം. ഇതിനിടയിൽ ചേച്ചിയുമായി പലതവണ വഴക്കു കൂടിയിരിക്കും.ഓണാഘോഷ പരിപാടികളിൽ പങ്കെടുത്ത് സമ്മാനവുമായി വീട്ടിലെത്തിയാൽ അച്ഛൻ വരുന്നതുവരെ ഉറങ്ങാതെ കാത്തിരിക്കും. ഓണക്കോടി എടുക്കാൻ പോകുക എന്നത് എനിക്ക് ഏറ്റവും സന്തോഷമുള്ള കാര്യമാണ്.അമ്മവീട്ടിൽ ചെല്ലുമ്പോൾ അവിടെയും ഞങ്ങൾക്കായി പുത്തൻ ഓണക്കോടികൾ വാങ്ങിവച്ചിട്ടുണ്ടാവും.തിരുവോണത്തിന് വീട്ടുകാരോടൊത്ത് തൂശനിലയിൽ സദ്യകഴിക്കുന്നതും മുത്തശ്ശിയുടെ വക പാലടപ്രഥമൻ അകത്താക്കുന്നതും ഓർക്കുമ്പോൾ തന്നെ വായിൽ വെള്ളമൂറുകയാണ് .അങ്ങനെ സ്കൂൾ തുറക്കുന്നതുവരെ എന്റെ ഓണം തീരുകയില്ല

# ജീവചരിത്രക്കുറിപ്പ്

## ഏറ്റുമാനൂർ സോമദാസൻ

ശ്രദ്ധേയമായ നിരവധി രചനകൾ കൊണ്ട് മലയാളസാഹിത്യലോകത്ത് ചിരപ്രതിഷ്ഠ നേടിയ എഴുത്തുകാരനാണ് ശ്രീ ഏറ്റുമാനൂർ സോമദാസൻ. 1936 മെയ് 16 ന് കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ കുറുക്കൻ കുന്നേൽ തറവാട്ടിൽ ജനിച്ച അദ്ദേഹത്തിൻറെ ആദ്യകാല നാമം എം സോമദാസൻ പിള്ള എന്നായിരുന്നു മാധവൻപിള്ള പിതാവും പാറുക്കുട്ടിയമ്മ മാതാവുമാണ് എഴുത്തുകാരൻ എന്ന നിലയിൽ പ്രശസ്തനായതോടെ ഏറ്റുമാനൂർ എന്ന സ്ഥലപ്പേര് കൂടി ചേർത്ത് ഏറ്റുമാനൂർ സോമദാസൻ എന്ന് അറിയപ്പെടുന്നയാണ് ഉണ്ടായത്. 1959 മുതൽ 1964 വരെ കമ്പിത്തപാൽ വകുപ്പിലും 1966 മുതൽ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലും പിന്നീട് വിവിധ എൻ.എസ്.എസ് കോളേജുകളിലും മലയാള അധ്യാപകനായി സേവനമനുഷ്ഠിച്ചു. 1991 ൽ ജോലിയിൽ നിന്നും വിരമിച്ചു. പ്രസിദ്ധമായ നിരവധി



കവിതകളും നാടകഗാനങ്ങളും ചലച്ചിത്രഗാനങ്ങളും നോവലുകളും അദ്ദേഹം രചിച്ചിട്ടുണ്ട് പടവാൾ ഇല്ലാത്ത കവി സഖി ഏഴരപ്പൊന്നാന കർക്കിടകം ഇലപൊഴിയും കാലം രാമരാജ്യം ഏറ്റുമാനൂർ സോമദാസൻ കവിതകൾ കാക്കയും ഉറുമ്പും നീ എൻറെ കേരളം മലയാള ഭഗവത്ഗീത വിവർത്തനം അതിജീവനം എന്നിവ അദ്ദേഹത്തിൻറെ പ്രധാന കൃതികളാണ് കാന്തവലയം അക്കൽദാമ മകം പിറന്ന മങ്ക തുടങ്ങിയ ചലച്ചിത്രങ്ങളായി അദ്ദേഹം രചിച്ച പിന്നണി ഗാനങ്ങളും നിരവധി സമിതികൾക്കായി രചിച്ച നാടക ഗാനങ്ങളും ഏറെ ശ്രദ്ധേയമാണ്. കേരള സാഹിത്യ അക്കാദമി പുരസ്കാരം ഉള്ളൂർ സ്മാരക പുരസ്കാരം പി കുഞ്ഞിരാമൻ നായർ സ്മാരക പുരസ്കാരം തുടങ്ങിയ നിരവധി പുരസ്കാരങ്ങളും ബഹുമതികളും അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട് 2011 നവംബർ 21 ന് അദ്ദേഹം അന്തരിച്ചു

# തുടർ പ്രവർത്തനം

## ഓണപ്പതിപ്പ് നിർമ്മാണം

**കവർചിത്രം , ആമുഖം , ഉള്ളടക്കം , ഐതിഹ്യം, ഓണക്കഥകൾ ചിത്രങ്ങൾ , പാട്ടുകൾ, സദ്യ -വിഭവങ്ങൾ, ഓണച്ചൊല്ലുകൾ , ഓണപ്പദങ്ങൾ , ഓണക്കളിൾ , കവിതകൾ, കലാരൂപങ്ങൾ , അനുഭവ വിവരണം**

ഇവയെല്ലാം ഉൾപ്പെടുത്തി ഓണപ്പതിപ്പ് തയ്യാറാക്കണേ



ചിത്രത്തിൽ തൊട്ടുനോക്കൂ..


തയ്യാറാക്കിയത്

**രാഹുൽ .റ്റി**

ഗവ.എൽ.പി.സ്കൂൾ ,ഒളശ്ശ,കോട്ടയം

9495809114


Touch or scan here

for
FLIP NOTE BOOK